ട്രഷറി ഡയറക്ടറേറ്റിലെ ജീവനക്കാർ

1178 [1872] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ട്രഷറി ഡയറക്ടർ ഓഫീസിൽ 3 വർഷത്തിൽ കൂടുതൽ ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർ ഇപ്പോൾ എത്ര പേരുണ്ട്;

(ബി) 3 വർഷം കഴിഞ്ഞ അവരെ ജില്ലാ ട്രഷറികളിലേക്കും സബ് ട്രഷറികളിലേക്കും മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 37 പേരുണ്ട്.

(ബി) ട്രഷറി ഡയറക്ടറേറ്റിൽ 3 വർഷത്തിൽ കൂടുതൽ ഒരേ തസ്തികയിൽ ഒരു ഉദ്യോഗസ്ഥൻ ജോലിനോക്കാൻ പാടില്ലെന്നു നിഷ്കർഷിക്കുന്ന യാതൊരു നിയമവും നിലവിലില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

II. ശ്രദ്ധക്ഷണിക്കൽ

വായു-ജല മലിനീകരണംമൂലം ആലുവാ വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥയെ സംബന്ധിച്ച്

ശ്രീ. റ്റി. എച്ച്. മുസ്തഫ: സർ, നമ്മുടെ വ്യവസായ തലസ്ഥാനമായ ആലുവായിലേയും അതിന്റെ പരിസരപ്രദേശമായ ഏലൂർ, കളമശ്ശേരി, കടുങ്ങല്ലൂർ തുടങ്ങിയ പഞ്ചായത്തുകളിലേയും ജനജീവിതം ദുർഘടപൂർണ്ണമായി കഴിഞ്ഞിരിക്കുകയാണ്. അവിടത്തെ ജനങ്ങളുടെ ജീവിതം അസാദ്ധ്യമായി തീർന്നിരിക്കുന്നു. അവിടെ സസ്യലതാദികൾ വളരാത്ത പരിതസ്ഥിതി ഉണ്ടായിരിക്കുന്നു. അവിടെ കുറെ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. എഫ്. എ. സി. ടി., റ്റി. സി. സി., ഐ. എ. സി., ഐ. ആർ. ഇ., എച്ച്. ഐ. എൽ. തുടങ്ങിയ ഫാക്ടറികൾ ഏലൂർ മേഖലയിൽ പ്രവർത്തിക്കുകയാണ്. കളമശ്ശേരിയിൽ പ്രീമിയർ ടയേഴ്സ്, റ്റി. സി. എം. തുടങ്ങിയ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കടുങ്ങല്ലൂർ, ഇടയാർ മേഖലയിൽ കോമിൻകോ ബിനാനി, കാറ്റലിക് ആൻഡ് കെമിക്കൽസ് എന്നീ ഫാക്ടറികളും പെരുമ്പാവൂരിൽ ട്രാവൻകൂർ റെയോൺസും പ്രവർത്തിക്കുന്നുണ്ട്. ഇവിടെനിന്നും ഒഴുക്കിവിടുന്ന മലിനജലം മുഴുവൻ ആ പ്രദേശത്തെ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന പെരിയാറിലെ ജലത്തിലേക്കാണ് ഒഴുക്കിവിടുന്നത്. ഇന്ന് പെരിയാറിലെ വെള്ളം കുടിക്കാനോ കുളിക്കാനോ ഉപയോഗിക്കാൻ സാദ്ധ്യമല്ല. മാത്രമല്ല, ആ പ്രദേശത്തെ കിണറുകളിലെ വെള്ളവും കുടിക്കാനോ കുളിക്കാനോ ഉപയോഗിക്കാൻ സാദ്ധ്യമല്ലാതായി തീർന്നിരിക്കുകയാണ്. ഈ ഫാക്ടറികളിൽനിന്നുള്ള മലിനജലം മുഴുവൻ ചാർന്നൊഴുകുന്നു പെരിയാറിലും കിണറുകളിലും ഇറങ്ങുന്നതിന്റെ

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി പെരിയാറിലേയും കിണറുകളിലേയും ജലം മുഴുവൻ ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്നു. സർ, ഇവിടെ ഒരു ജലമലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തിക്കുന്നുണ്ടെന്നാണ് പറയുന്നത്. പക്ഷേ ആ ബോർഡിന്റെ പ്രവർത്തനം എന്തുകൊണ്ടോ ഈ വ്യാവസായിക തലസ്ഥാനത്തേക്ക് എത്തിയിട്ടില്ല. അതിന്റെ ഫലപ്രദമായ പ്രവർത്തനങ്ങളൊന്നും അവിടെ നടന്നിട്ടില്ല. ഈ വ്യാവസായിക മേഖലയിലെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച് നമ്മുടെ കേരളനിയമസഭയിലെ എസ്റ്റിമേറ്റ് കമ്മിറ്റി അവിടെവന്നു പരിശോധിച്ച് ബോദ്ധ്യപ്പെട്ടതാണ്. ഇപ്പോഴത്തെ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ.ടി.എസ്.ജോൺ ചെയർമാനായ എസ്റ്റിമേറ്റ് കമ്മിറ്റി അവിടെവന്ന് ഈ വ്യവസായ മേഖലയിലെ ഫാക്ടറികളും അവിടെനിന്നും മലിനജലം ഒഴുക്കി വിടുന്നതും അവിടെയുള്ള കിണറുകളും പുഴകളുമെല്ലാം പരിശോധിച്ച് അവിടത്തെ ജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ബോദ്ധ്യമായിട്ടുള്ളതാണ്. ജലത്തിന്റെ സ്ഥിതി ഇതാണെങ്കിൽ അതു നിയന്ത്രിക്കുന്നതിന് ഉള്ള ബോർഡ് ഇവിടെ എന്തു ചെയ്യുന്നു സർ. അതിന്റെ പ്രവർത്തനം ഇരിക്കട്ടെ. അവിടത്തെ വായു ശ്വസിക്കാൻ കഴിയുകയില്ല. ഫാക്ടറികളിൽനിന്നും ഉയർന്നുവരുന്ന വിഷപ്പുക, അതുപോലെതന്നെ വിഷവായു, ഇതു ശ്വസിക്കാൻ കഴിയുകയില്ല. അവിടെയുള്ള മനുഷ്യർ ശ്വാസംമുട്ടി കഴിയുകയാണ്. അവിടെയുള്ള വൃക്ഷങ്ങളും വളരുന്നില്ല, ചെടികളും വളരുന്നില്ല, ആ പ്രദേശത്ത് നെല്ലുൽപ്പാദനം നടക്കുന്നില്ല. അവിടെ ചെന്നുനോക്കിയാൽ എല്ലാം കരിഞ്ഞുനിൽക്കുന്ന സ്ഥിതി കാണാൻ കഴിയും. അശുദ്ധവായു ശ്വസിച്ച് മനുഷ്യർ മുഴുവൻ മാരകമായ രോഗികളായി കഴിഞ്ഞു. ഇതിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് പലപ്പോഴും ആവശ്യപ്പെട്ടിട്ടും ജനങ്ങളുടെ ശബ്ദങ്ങളും ഉയർന്നുവന്നിട്ടും ഗവൺമെന്റിനേറയോ ഫാക്ടറി ഉടമകളുടേയോ ശ്രദ്ധ ഇതിലേക്ക് ഇതുവരെ തിരിഞ്ഞുകഴിഞ്ഞിട്ടില്ല. എറണാകുളം-ആലുവാ നാഷണൽ ഹൈവേയിലെ റോഡിൽകൂടി സഞ്ചരിക്കുന്നവർക്ക് പല സ്ഥലത്തും കാർ ഓട്ടിച്ചു പോകാനോ നടന്നു പോകാനോ സാദ്ധ്യമല്ല. മലമ്പ്രദേശങ്ങളിൽ മഞ്ഞു മൂടികിടക്കുന്നതുപോലെ പുക നിറഞ്ഞുനിൽക്കുന്നുണ്ട്. പരസ്പരം അപ്പുറത്തും ഇപ്പുറത്തും നിൽക്കുന്നവരെ തിരിച്ചറിയാൻ സാധിക്കുകയില്ല. എതിരേ വരുന്ന വാഹനങ്ങളും കാണാൻ കഴിയുകയില്ല. ഇതാണ് സ്ഥിതി. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രിക്ക് അതറിയാം. ആലുവാ. എറണാകുളം റൂട്ടിൽ വാഹന അപകടങ്ങളും കൂടുതലാണ്: എന്താണ് കാരണമെന്ന് പരിശോധിക്കുമ്പോൾ ആളുകളെ കാണാൻ കഴിയാത്തവിധം പുക നിറഞ്ഞുനിൽക്കുന്നതുകൊണ്ട് പരസ്പരം കാണാൻ കഴിയാത്തതുകൊണ്ട് വാഹനങ്ങളും തമ്മിൽ കൂട്ടിമുട്ടുന്നു. കളമശ്ശേരി, ഏലൂർ, ആലുവാ ഏരിയായിലെ മുഴുവൻ ജനങ്ങളേയും ഇതു ബാധിക്കുന്നുണ്ട്. മാത്രമല്ല പെരിയാറിൽനിന്നുള്ള ജലം ചൊവ്വരയിൽനിന്നു പമ്പു ചെയ്ത് എറണാകുളം, മട്ടാഞ്ചേരി, കൊച്ചി, പള്ളുരുത്തി, തൃപ്പൂണിത്തുറ, ഞാറയ്ക്കൽ, പറവൂർ, ആലുവാ മുതലായ പ്രദേശങ്ങളിലേക്ക് വാട്ടർസപ്ലൈവഴി എത്തിക്കുന്നുണ്ട്. ഈ വെള്ളമാണ് അവിടങ്ങളിലെ ആളുകളും കുടിക്കാൻ ശുദ്ധജലമായി ഉപയോഗിക്കുന്നത്. ഈ വെള്ളം വിഷം കലർന്നതാണ്. ഈ വെള്ളം കുടിച്ച് ആളുകളും മാരകമായ രോഗം ബാധിച്ച് ജീവിക്കാൻ കഴിയാത്ത പരിതസ്ഥിതിയിൽ എത്തിയിരിക്കുന്നു. ട്രാവൻകൂർ റയോൺസിൽനിന്നും ഒഴുകുന്ന വിഷം കലർന്ന വെള്ളമാണ് ഈ ജലം മലിനമാക്കുന്നത്. ഇതിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കാൻ കഴിയുമോ? ഇതൊരു മാനുഷിക പ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നത്തിന്റെ നേരേ ഗവൺമെന്റിന്റെ ശ്രദ്ധ ഇതുവരെ തിരിഞ്ഞിട്ടില്ല. ഇവിടെ വ്യവസായങ്ങളും ഉണ്ടാകണം, അതു വളരണം, പക്ഷേ മനുഷ്യന്റെ ജീവൻ സംരക്ഷിച്ചുകൊണ്ട് മനുഷ്യജീവിതത്തിന്റെ ഭദ്രതക്ക് ഉലച്ചിൽ തട്ടാതെ, ജനങ്ങളുടെ ആരോഗ്യവും പ്രകൃതി സൗന്ദര്യവും നശിപ്പിക്കാതെ വ്യവസായവികസനം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. വ്യവസായങ്ങളും ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ഈ രാജ്യത്തെ മുഴുവൻ വ്യവസായത്തിനുവേണ്ടി അവിടെ താമസിക്കുന്ന ജനങ്ങളും ബുദ്ധിമുട്ട് അനുഭവിക്കാൻ സാദ്ധ്യമല്ല. ഇവിടെ മാവൂർ റയോൺസിന്റെ പ്രശ്നം വന്നപ്പോഴും അതു പരിഹരിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവന്നു. പക്ഷേ ആലുവാ മേഖലയിലെ കഷ്ടപ്പെടുന്ന പാവപ്പെട്ടവരുടെ പ്രശ്നം പരിഹരിക്കാൻ ഇതുവരെ ഗവൺമെന്റ് മുന്നോട്ടുവന്നില്ല എന്നുള്ളതിൽ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. ഇത് അനീതിയും പക്ഷപാതവുമാണ്. എനിക്ക് ഇതേസംബന്ധിച്ചിടത്തോളം നിർദ്ദേശിക്കാനുള്ള ഒരു മാർഗ്ഗം, ഈ ഫാക്ടറികളിലെ മലിനജലം മുഴുവൻ കുഴൽവഴി കടലിലേക്ക് ഒഴുക്കിക്കളയണമെന്നുള്ളതാണ്. അതുപോലെ ഈ ഫാക്ടറികളിലെ പുകക്കുഴലുകളും ഗവൺമെന്റിന്റെ നിയമത്തിന് വിരുദ്ധമായിട്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. ഗവൺമെന്റ് മാനേജുമെന്റിന്റെ താൽപര്യത്തിനുവേണ്ടി പ്രവർത്തിക്കുന്നു. അതുകൊണ്ട് ഈ ഫാക്ടറികളിലെ പുകക്കുഴലുകൾക്ക് ആവശ്യമായ പൊക്കം നൽകി ഉയരത്തിൽ സ്ഥാപിക്കേണ്ടതാണ്. വായു ശുദ്ധീകരിക്കാനുള്ള മറ്റു നടപടികളും കൈക്കൊള്ളണം. അതുപോലെ ജീവകാരുണ്യപരമായ ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം എനിക്ക് ഒരു നിർദ്ദേശംകൂടി വയ്ക്കാനുണ്ട്. ഇതേസംബന്ധിച്ചിടത്തോളം സാങ്കേതിക വിദഗ്ദ്ധൻമാരും ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ആളുകളും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥൻമാരും നിയമസഭയിലെ അംഗങ്ങളും എല്ലാം അടങ്ങിയ ഒരു ഉന്നതാധികാര കമ്മിറ്റിയെ വച്ച് സമഗ്രമായ അന്വേഷണം നടത്തി ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് വേണ്ട അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): നമ്മുടെ വ്യാവസായിക തലസ്ഥാനമായ ഏലൂർ, ഉദ്യോഗമണ്ഡൽ പ്രദേശത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അന്തരീക്ഷ ജലമലിനീകരണപ്രശ്നം വർഷങ്ങളോളമായി നിലനിന്നുവരികയാണ്. പുതിയ സംഭവവികാസങ്ങളൊന്നും അവിടെയുണ്ടായിട്ടില്ല. 1974-ൽ ആണ് വാട്ടർ പൊല്ലൂഷൻ പ്രിവൻഷൻ ആക്ട് ഇൻഡ്യാഗവൺമെന്റ് കൊണ്ടുവന്നത്. അതിനു മുൻപു സ്ഥാപിക്കപ്പെട്ട ഫാക്ടറികളാണ് ട്രാവൻകൂർ കെമിക്കൽസ്, പ്രീമിയർ ടയേഴ്സ്, റ്റി.സി.സി, എഫ്.എ.സി.ടി. തുടങ്ങിയ ഫാക്ടറികളും. ഈ ആക്ട് വന്നതിനുശേഷമാണ് വാട്ടർ പൊല്ലൂഷൻ കൺട്രോൾ ബോർഡ് പ്രവർത്തനം ആരംഭിച്ചത്. ആ ബോർഡിന്റെ പ്രവർത്തനം അങ്ങോട്ട് എത്തിനോക്കിയിട്ടില്ല എന്നു പറഞ്ഞതു തികച്ചും അടിസ്ഥാനരഹിതമാണ്. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനുമുൻപുതന്നെ വാട്ടർ പൊല്ലൂഷൻ കൺട്രോൾ ബോർഡ് നിലവിൽ വന്നതിനുശേഷം ഓരോ ഫാക്ടറിയിൽനിന്നും പുറത്തുവിടുന്ന മലിനജലത്തിലുള്ള വിഷാംശങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന ലാബറട്ടറികളിൽ നടത്തുകയും അതു നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശം ബോർഡ് നൽകുകയും ചെയ്തിട്ടുണ്ട്. ആ നിർദ്ദേശങ്ങളിൽ ഒന്ന് ഒന്നു രണ്ടു കൊല്ലംകൊണ്ട് ട്രീറ്റിംഗ് പ്ലാന്റ് സ്ഥാപിച്ച് ഇതു തടയണ

LIBRARY ARCHIVES Kerala Legislative Assembly.

മെന്നുള്ളതാണ്. അതിനുമുൻപു ഇതു ലഘൂകരിക്കുന്നതിന് ചില കെമിക്കൽസ് പ്രയോഗിച്ചുകൊണ്ട് അതിന്റെ ശക്തികുറയ്ക്കുന്നതിനുള്ള ടെമ്പററി മെഷേഴ്സ് എടുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. പല ഫാക്ടറികളും അതിനുള്ള നടപടികളും ആരംഭിച്ചിരുന്നു. ട്രീറ്റിംഗ് പ്ലാന്റ് ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനം പല ഘട്ടങ്ങളിലായി നടന്നുവരുന്നുണ്ടെന്നാണ് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിൽത്തന്നെ പറഞ്ഞിട്ടുള്ളത്. ഞാനും അതിലെ ഒരു മെമ്പറായിരുന്നു. ഈ നടപടികളും ത്വരിതഗതിയിൽ മുന്നോട്ടു നീക്കണമെന്നും ഇനിയും കൂടുതൽ കാലാവധി കൊടുക്കാതെ അതു നടപ്പിലാക്കുന്നതിന് ആവശ്യപ്പെടണമെന്നുമായിരുന്നു എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. ഓരോ ഫാക്ടറിയെ സംബന്ധിച്ചുമുള്ള വിവരങ്ങളും ആ റിപ്പോർട്ടിലുണ്ട്. ആ നടപടികളും പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ആ നിർദ്ദേശങ്ങളും പൂർണ്ണമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഇന്നു ധൃതഗതിയിൽ വാട്ടർ പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ഇൻഡ്യൻ അലൂമിനിയം ഇൻഡസ്ട്രീസ്, ട്രാവൻകൂർ കെമിക്കൽസ് ഈ രണ്ടു ഫാക്ടറികളിൽ നിന്നുള്ള പൊല്യൂഷൻ പൂർണ്ണമായി തടയപ്പെട്ടിരിക്കുകയാണ്. പൂർണ്ണമായി ട്രീറ്റിംഗ് പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. ഏറ്റവും കൂടുതൽ ഉപദ്രവകാരിയായിട്ടുള്ളത് ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി. യാണ്. കേന്ദ്ര ഗവൺമെന്റുതന്നെ ഇതിന് ടോപ്പ് പ്രയോറിട്ടി കൊടുക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒന്നര കോടി രൂപ ചെലവുചെയ്തു ട്രീറ്റിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം അവിടെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ അതു കൂടുതൽ ധൃതഗതിയിൽ നടത്താനുള്ള നിർദ്ദേശം കൊടുത്തതിന്റെ ഫലമായി ട്രീറ്റിംഗ് പ്ലാന്റിന്റെ പ്രവർത്തനം ഏതാണ്ട് 75 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. അടുത്ത ആഗസ്റ്റുമാസത്തിൽ അതിന്റെ പ്രവർത്തനം പൂർത്തീകരിച്ച് അതു കമ്മീഷൻ ചെയ്യാൻ പോകുകയാണ്. അപ്പോൾ പരിപൂർണ്ണമായി എഫ്.എ.സി.ടി.യിൽ നിന്നുള്ളത് തടയാൻ കഴിയും. ഒരു വർഷം ഒരു കോടി രൂപയാണ് ഇതിന്റെ റെക്കറിംഗ് ചെലവ്. റീ.സി.സി.യും അതു തടയാനുള്ള നടപടികളും സ്വീകരിച്ചു. ഇൻഡ്യൻ റെയർ എർത്ത് ഇതിന്റെ 75 ശതമാനം പണി പൂർത്തീകരിച്ചു. 1979 ജൂണിൽ കമ്മിഷൻ ചെയ്യുമെന്നാണ് പറയുന്നത്. അതുപോലെ ബിനാനി കോമിൻകോയും ഇതിന്റെ പ്രവർത്തനം 1979 ജൂണിൽ കമ്മിഷൻ ചെയ്യുമെന്നു ഉറപ്പു ലഭിച്ചിട്ടുണ്ട്. മറ്റു ഫാക്ടറികളെ സംബന്ധിച്ചിടത്തോളം ട്രീറ്റിംഗ് പ്ലാന്റിന്റെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലിരിക്കുകയാണ്. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിൽ എസ്റ്റിമേറ്റ് കമ്മിറ്റി ചെന്നിരുന്ന അവസരത്തിൽ ഇതു തടയുന്നതിനുള്ള ടെക്നോളജി ഇൻഡ്യയിൽ ഒരിടത്തും ഇല്ലെന്നു പറഞ്ഞു ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അങ്ങനെ ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ലെന്നും ഇതിനാവശ്യമായ നടപടികളും ഉടൻതന്നെ സ്വീകരിക്കണമെന്നും പറഞ്ഞതനുസരിച്ച് വേണ്ട നടപടികളും സ്വീകരിക്കുകയും 'നീരീ' എന്നു പറയുന്ന നാഷണൽ എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപദേശം തേടി പ്രോജക്ട് തയ്യാറാക്കി അതിനുള്ള പണി ആരംഭിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്. അതൊഴിച്ചുള്ള മറ്റ് ഫാക്ടറികളിൽ പണി പൂർത്തീകരിക്കുന്ന ഘട്ടത്തിൽ നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളോളമായി നിലനിന്നുവരുന്ന ഈ മേഖലയിലെ ജലമലിനീകരണം അടുത്ത ഒരു വർഷത്തിനകം പൂർണ്ണമായി തടയാൻ സാധിക്കുമെന്നുള്ള സ്ഥിതിയിൽ നിൽക്കുകയാണ്. അന്തരീക്ഷ മലിനീകരണത്തെ സംബന്ധിച്ചാണെങ്കിൽ ഫലപ്രദമായ നിയമനിർമ്മാണം ഉണ്ടാകേണ്ടതായിട്ടുണ്ട്. വാട്ടർ പൊല്ലൂഷനെ സംബന്ധിച്ച് കേന്ദ്ര നിയമം ഉണ്ടായിട്ടുള്ളതുകൊണ്ട് ആ നിയമമനുസരിച്ച്, വാട്ടർ പൊല്ലൂഷൻ കൺട്രോൾ ബോർഡ് രൂപീകരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം വളരെ ശക്തിയായി തുടരുകയാണ്. ആ ബോർഡിന്റെ ഫലപ്രദമായ പ്രവർത്തനം ചെന്നു എത്തിയിട്ടുള്ളത് ആലുവാ മേഖലയിലാണ്. ബോർഡ് അവിടെ എത്തി നോക്കിയിട്ടില്ല എന്നു പറഞ്ഞത് ഖേദകർമാണ്. ഏതായാലും ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കുന്നതോടുകൂടി ആ പ്രദേശത്തിലെ ജനങ്ങൾക്ക് പെരിയാർ നദിയിലെ വെള്ളത്തിലെ മലിനീകരണംമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്നു എന്നന്നേക്കുമായി മോചനം ലഭിക്കുമെന്നുള്ള കാര്യം ഉറപ്പു പറയാൻ സാധിക്കും.

ശ്രീ. ടി.എച്ച്. മുസ്തഫ: സർ, അന്തരീക്ഷ മലിനീകരണം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണ്. ഇതിനെസംബന്ധിച്ചിടത്തോളം ഫലപ്രദമായ ആക്ട് ഇല്ലെന്നു പറഞ്ഞു. ഇതിന്റെ കാര്യത്തിൽ എന്തു ചെയ്യണമെന്ന് ആലോചിക്കണമെന്നാണ് എനിക്കുപറയാനുള്ളത്. ജനങ്ങൾ ശ്വാസംമുട്ടി കഴിയുകയാണ്. വെള്ളം ഇല്ലെങ്കിൽ വേറെ എവിടെനിന്നെങ്കിലും കൊണ്ടുവന്നു കുടിക്കാം. അവിടത്തെ ജനങ്ങൾക്ക് ശുദ്ധവായു ശ്വസിച്ചു ജീവിക്കാൻ എന്താണ് മാർഗ്ഗം. അതേക്കുറിച്ച് ഒരക്ഷരവും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. അന്തരീക്ഷമലിനീകരണത്തെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ? ഇത് വളരെപ്രാധാന്യമേറിയ ഒരു കാര്യമാണ്. ജനങ്ങൾ ശ്വാസംമുട്ടികഴിയുകയാണ്. അവിടെ ജീവിക്കാൻ നിവൃത്തിയില്ല. ഇതിനെക്കുറിച്ച് മറുപടി പറഞ്ഞില്ല. മറുപടി പറയണം.

ഡെ. സ്പീക്കർ: മറുപടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞു. ഈ സഭാനടപടി ചട്ടമനുസരിച്ച് മെമ്പർക്ക് ഒരു ചോദ്യം ചോദിക്കാൻ മാത്രമേ അവകാശമുള്ളൂ. അതു ചോദിക്കാം.

ശ്രീ. ടി.എച്ച്. മുസ്തഫ: എയർ പൊല്യൂഷനു ഈ ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കുന്നു. ശുദ്ധവായു ശ്വസിക്കാൻ കഴിയാതെ ശ്വാസംമുട്ടിക്കഴിയുന്ന ആളുകളുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: വായു മലിനീകരണം തടയാൻ ഇപ്പോഴും ആക്ടില്ലെന്ന് ഞാൻ പറഞ്ഞു.

III മേശപ്പുറത്തു വച്ച കടലാസ്സുകൾ

Minister for Revenue and Co-operation (**Shri Baby John**): Sir, I lay on the Table:

(i) Notification No. 50198/NI/78/RD. dated February 2, 1979 (S.R.O. No. 295/79)

(ii) Notification No. 37243/N3/77/RD. dated March 5, 1979 (S.R.O. No. 296/79)

(iii) Notification G.O. MS. No. 483/79/RD, dated March 5, 1979 (S.R.O. No. 297/79)

Minister for Works and Sports (**Shri K. Pankajakshan**): Sir, I lay on the Table G.O. (P) No. 149/78/PW and E dated November 22, 1978 (S.R.O. No. 24/79)

Minister for Labour and Housing (**Shri M. K. Raghavan**): Sir, I lay on the Table G.O. MS No. 136/78/L and H dated November 18, 1978 (S.R.O. No. 1150/71).

Minister for Public Health (**Shri K.P. Prabhakaran**): Sir, on behalf of Minister for Industries and Forests I lay on the Table:

(i) Notification No. 11801/FS1/79/AD dated March 5, 1979 (S.R.O. No. 308/79)

(ii) The Fourteenth Annual Report of the Travancore Plywood Industries Ltd., for the year 1977-78, together with the review.

IV റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 18-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 24-ാമതും, 25-ാമതും 26-ാമതും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly